(സി) വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് കുടുംബശ്രീയുടെ സഹായത്തോടെ എല്ലാ പഞ്ചായത്തുകളിലും കോഴി വളർത്തൽ കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇറച്ചിക്കോഴിയുടെ പ്രതിമാസ ആവശ്യം സംബന്ധിച്ച് കൃത്യമായ കണക്ക് ലഭ്യമല്ല. എന്നിരുന്നാലും പ്രതിമാസം ശരാശരി 10,000 ടൺ കോഴിയിറച്ചി ആവശ്യമായി വരുമെന്ന് കണക്കാക്കുന്നു.

(ബി) 2009-ലെ കേരള ഇക്കണോമിക് റിവ്യൂ റിപ്പോർട്ട് പ്രകാരം 2008-09-ൽ കോഴിയിറച്ചിയുടെ ആഭ്യന്തര ഉത്പാദനം 19268 ടൺ ആയിരുന്നു. ഇതിൽനിന്നും ശരാശരി ഒരു മാസത്തെ ഉത്പാദനം ഏകദേശം 1608 ടൺ ആയി കണക്കാക്കാവുന്നതാണ്. (ഇതിൽ നാടൻ കോഴിയിറച്ചിയുടെ കണക്ക് ഉൾപ്പെടുന്നില്ല. അതുകൂടി ഉൾപ്പെടുത്തിയാൽ ഏകദേശം 3500 ടൺ എന്ന് കണക്കാക്കാവുന്നതാണ്.)

(സി) കേരള സ്റ്റേറ്റ് പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിൽ പേട്ടയിലുള്ള മാംസ സംസ്കരണശാലയുടെ ആവശ്യത്തിനു വേണ്ടുന്ന ഇറച്ചിക്കോഴികളെ കർഷകരിലൂടെ ഇന്റഗ്രേഷൻ പദ്ധതി മുഖേനയാണ് ഇപ്പോൾ ഉത്പാദിപ്പിക്കുന്നത്. തിരുവനന്തപുരം ജില്ലയിലുള്ള ചില കുടുംബശ്രീ യൂണിറ്റുകളും പ്രസ്തുത ഇന്റഗ്രേഷൻ പദ്ധതിപ്രകാരം ഇറച്ചിക്കോഴികളെ വളർത്തി നൽകുന്നുണ്ട്. ഇത് സ്ഥാപിക്കുന്നതിന് മറ്റ് സ്ഥലങ്ങളിൽ മാംസ സംസ്കരണ പ്ലാന്റുകൾ ആവശ്യമാണ്. അത് സ്ഥാപിക്കുന്ന മുറയ്ക്ക് തീർച്ചയായും "കെപ്കോ" -യുടെ ഇന്റഗ്രേഷൻ വ്യവസ്ഥ പ്രകാരമുള്ള ഇറച്ചിക്കോഴി വളർത്തൽ ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കാവുന്നതാണ്. കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് പഞ്ചായത്തുതലത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡും പരിശോധിക്കുന്നുണ്ട്.

വനം വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

107 (5788) ശ്രീ. എൻ. രാജൻ :
ശ്രീ. പള്ളിപ്രം ബാലൻ :
ശ്രീ. കെ. രാജു :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വന നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനാലോചിക്കുന്നുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനനിയമങ്ങളിൽ കാതലായ മാറ്റങ്ങൾ എന്തെങ്കിലും വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വനം വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിലെ വനനിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്താറുണ്ട്.

(ബി) 1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1980-ലെ കേരള ഗ്രാന്റ്സ് ആന്റ് ലീസസ് (മോഡിഫിക്കേഷൻ ഓഫ് റൈറ്റ്സ്) നിയമത്തിന് സർക്കാർ ഉത്തരവ് നമ്പർ (പി) 50/2009/വനം വന്യജീവി തീയതി 25-11-2009 (എസ്.ആർ.ഒ. നമ്പർ. 1010/2009) പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കി. ആയത് പ്രകാരം പാട്ടവാടക പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ കളക്ടർമാർ സ്വീകരിച്ചുവരുന്നു.

2. ചന്ദന സംരക്ഷണം ശക്തിപ്പെടുത്തുവാനും ചന്ദനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് പരമാവധി ശിക്ഷ നൽകുവാനും, സ്വകാര്യ വ്യക്തികൾക്ക് സൂക്ഷിക്കാവുന്ന ചന്ദനം, ചന്ദനതൈലം എന്നിവ പരിമിതപ്പെടുത്തുവാനും വേണ്ടി 1961-ലെ കേരള വനനിയമം അധ്യായം VI -ന് ഭേദഗതി വരുത്തി VI A ആയി ഒരു ബിൽ 4-5-2010-ൽ 9288/ലെജി. ബി1/2008/നിയമം നമ്പരായി നിയമസഭ പാസ്സാക്കിയിട്ടുണ്ട്.

3. 1961-ലെ കേരള വനനിയമം സെക്ഷൻ 61 A-യിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരെ (Authorised Officer) കൂടാതെ ശെന്തുരുണി, മംഗളവനം, പീച്ചി, പറമ്പിക്കുളം, ആറളം, സൈലന്റ് വാലി, നാഷണൽ പാർക്ക് എന്നിവിടങ്ങളിലെ വൈൽഡ് ലൈഫ് വാർഡൻമാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജി.ഒ. (പി) നമ്പർ.55/2009/വനം വന്യജീവി തീയതി 18-12-2009 പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

4. നിയമത്തിന്റെ മറവിൽ അനിയന്ത്രിതമായി മരങ്ങൾ മുറിച്ചു മാറ്റുന്നത് തടയുവാൻ വേണ്ടി 2005-ലെ കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിൽ 2007-ൽ ഭേദഗതി വരുത്തി.

5. ചെറുകിട കർഷകരുടെ പരാതികൾ പരിഹരിക്കുന്നതിനായി 2003-ലെ പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ പ്രദേശങ്ങളുടെ ഏറ്റെടുക്കലും കാര്യ കർത്തൃത്വവും നിയമനത്തിന് 2009-ൽ ഭേദഗതി വരുത്തി.

(സി) ജീവനക്കാർക്ക് ആവശ്യമായ വാഹനങ്ങൾ, ആയുധങ്ങൾ, വാർത്താവിനിമയ ഉപകരണങ്ങൾ തുടങ്ങിയവ നൽകി വനം വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.